# <u>ദേശീയ സുരക്ഷയുടെ ചുമതലയുള്ള ബ്രിക്സ് ഉന്നത പ്രതിനിധികളുടെ യോഗം</u>

സെപ്തംബർ 15, 2016

സുരക്ഷയുടെ ഉത്തരവാദിത്വമുള്ള ബ്രിക്സ ഉന്നത പ്രതിനിധികളുടെ ആറാമത് യോഗം വ്യാഴാഴ്ച , സെപ്തംബർ 15, 2016 നു ന്യൂഡെൽഹിയിൽ നടന്നു . ഗവൺമെന്റ് ഓഫ് റിപ്പബ്ലിക് ഓഫ് ഇന്ത്യയുടെ ദേശീയ സുരക്ഷാ ഉപദേശകൻ ശ്രീ അജിത്ത് ദോവൽ, യോഗത്തിൽ അധ്യക്ഷം വഹിച്ചു

ബ്രസീലിൽ നിന്നുള്ള പ്രതിനിധികൾക്ക് റിപ്പബ്ലിക് ഓഫ് ബ്രസീലിലെ പ്രസിഡൻസിയുടെ ഇൻസ്റ്റിറ്റ്യൂഷണൽ സെക്യൂരിറ്റി ക്യാബിനറ്റ് തലവൻ ഹിസ് എക്സലൻസി ജനറൽ സെർഗിയോ വെസ്റ്റ്ഫാലൻ എച്ചേഗോയൻ നേതൃത്വം നല്കി. റഷ്യയുടെ പ്രതിനിധികളെ റഷ്യൻ ഫെഡറേഷന്റെ സുരക്ഷാ കൌൺസിൽ സെക്രെട്ടറി ഹിസ് എക്സലൻസി ശ്രീ നികോലായ് പി പത്രൂഷെവ് നയിച്ചു, ചൈനയുടെ പ്രതിനിധികളെ പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചീനയുടെ സ്റ്റേറ്റ് കൌൺസിലർ ഹിസ് എക്സലൻസി ശ്രീ യാംഗ് ജിയെച്ചി നയിച്ചു; ദക്ഷിണ ആഫ്രിക്കയുടെ പ്രതിനിധികളെ സ്റ്റേറ്റ് സെക്യൂരിറ്റി മന്ത്രി ഹിസ് എക്സലൻസി ശ്രീ ബാംഗിസെനി ഡേവിഡ് മഹാലോബോ നയിച്ചു

പ്രധാനപ്പെട്ട ആഗോള വിഷയങ്ങളിൽ ബ്രിക്സ് സംഘം ചേർന്നുള്ള സകാരാത്മകമായ സംഭവനകളെ അംഗീകരിച്ച് കൊണ്ട് തീവ്രവാദ പ്രതിരോഷം, സൈബർ സുരക്ഷയും ഊർജ സുരക്ഷയും തുടങ്ങിയ സുരക്ഷാ വിഷയങ്ങളെ കുറിച്ച് ചര്ച്ച ചെയ്തു . പശ്ചിമ ഏഷ്യ- നോർത്ത് ആഫ്രിക്ക മേഖലയിൽ (West Asia and North Africa (WANA) അടുത്തയിടെ ഉണ്ടായ സംഭവവികാസങ്ങളെ കുറിച്ചുള്ള അവലോകനങ്ങൾ പങ്ക് വച്ചു

സൈബർ സുരക്ഷിതത്വം/ വിവര സുരക്ഷ എന്നിവയുടെ മേഖലയിൽ വിവരങ്ങളും മികച്ച പ്രവർത്തനങ്ങളും പങ്ക് വച്ച്, സൈബർ കുറ്റകൃത്യങ്ങളോട് പോരാട്ടം, സംയുക്ത സൈബർ സുരക്ഷാ ആർ & ഡി ഉൾപ്പെടെയുള്ള സാങ്കേതികവിദ്യ- നിയമ നിർവാഹണ ഏജൻസികൾക്കിടയിൽ സഹകരണം വർദ്ധിപ്പിക്കൽ, കാര്യശേഷി നിർമാണം സൈബർ സുരക്ഷാ വർദ്ധിപ്പിക്കുവാൻ ആവശ്യമായ

സംയുക്ത ശ്രമങ്ങൾ എന്നിവ ശക്തിപ്പെടുത്താൻ അവർ തീരുമാനിച്ചു
.
തീവ്രവാദ പ്രതിരോധ വിഷയങ്ങളിലെ അറിവ്, വിവരം, വൈദഗ്ദ്ധ്യം ,
മികച്ച പ്രവർത്തനങ്ങൾ എന്നിവ വിനിമയത്തെയും
സഹകരണത്തിനെയും ഉന്നത പ്രതിനിധികൾ പ്രോത്സാഹിപ്പിച്ചു

ഈ പശ്ചാത്തലത്തിൽ ഒരു ദിവസം മുമ്പ് നടന്ന തീവ്രവാദ
പ്രതിരോധത്തിലുള്ള കർമ്മ സംഘത്തിന്റെ പ്രഥമ യോഗത്തെ അവർ
സ്വാഗതം ചെയ്തു
തീവ്രവാദികൾക്ക് സാമ്പത്തികം , തീവ്രവാദ സാധനങ്ങൾ -
ഉപകരണങ്ങൾ, ആയുധങ്ങൾ, സ്ഫോടക വസ്തുക്കൾ എന്നിവ
ഉൾപ്പെടെയുള്ളവ നിഷേധിക്കുവാൻ ആവശ്യമായ നടപടികൾ എന്നിവ
കൂടി ഉൾപ്പെടുത്തി ബ്രിക്സ് തീവ്രവാദ പ്രതിരോധ സഹകരണം
വികസിപ്പിക്കുന്നതിന് അവർ തീരുമാനിച്ചു
ആഗോളതലത്തിൽ തീവ്രവാദം ഉണ്ടാക്കുന്ന ഉപദ്രവങ്ങളെ കൈകാര്യം
ചെയ്യുന്നതിന് ആഗോള നിയമ വ്യവസ്ഥയുടെ ആവശ്യത്തെ അവർ
അടിവരയിട്ടു പറഞ്ഞു

ദീർഘ കാല, മാധ്യമ കാല ഊർജ സുരക്ഷാ വിഷയങ്ങൾ ചർച്ച
ചെയ്യുന്നതിനായി ബ്രിക്സ് രാജ്യങ്ങൾക്കിടയിൽ നിരന്തരമുള്ള ഊർജ
ചർച്ചകൾക്കു അവർ തീരുമാനിച്ചു

യു എൻ ചാർട്ടർ തത്വങ്ങൾക്കനുസൃതമായും അന്താരാഷ്ട്ര
നിയമത്തിന് അനുസരിച്ചുള്ള സമാധാന വഴികളിലൂടെയുള്ള
ചർച്ചകളിലൂടെയും വാനാ മേഖലയിലെ നിലനിൽക്കുന്ന
തർക്കങ്ങൾക്കു പരിഹാരം കണ്ടെത്തുന്നതിന്റെ ആവശ്യകതക്കു ഊന്നൽ
കൊടുക്കവെ ബ്രിക്സ് ഉന്നത പ്രതിനിധികൾ , മേഖലയിൽ നിന്നും
മേഖലയിൽ നിന്നും പൊട്ടിപ്പുറപ്പെട്ടുന്ന തീവ്രവാദത്തെയും
ഹിംസാത്മകമായ
തീവ്രവാദത്തെയും പ്രതിരോധിക്കുവാനുള്ള ബ്രിക്സ് ശ്രമങ്ങളെ
ഒന്നിച്ചു ചേർക്കുവാൻ തീരുമാനിച്ചു

ബ്രിക്സ് വേദിയിലെ ഉന്നത പ്രതിനിധികൾ, സുരക്ഷാ മേഖലയിലെ
അതാതു ഏജൻസികൾക്കിടയിലെ വിനിമയവും ഉത്തരോത്തരം
ഏകീകരിച്ചുള്ള സഹകരണത്തിനുമായിഏകാഭിപ്രായത്തിലെത്തി

വളരെ ഊർജ്ജസ്വലതയോടെ പങ്കെടുത്തതിനും യോഗം വിജയകരമാക്കി തീർക്കുവാനുള്ള സംഭാവനകൾ നല്കിയതിനും ബ്രിക്സ് രാജ്യങ്ങളിൽ നിന്നും വന്ന മറ്റ് ഉപദേഷ്ടാവുകളോടുള്ള തന്റെ നന്ദി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശ്രീ അജിത്ത് ദോവൽ അറിയിച്ചു

ന്യൂഡെൽഹി
സെപ്തംബർ 15, 2016